LIBRARY ARCHIVES Kerala Legislative Assembly

ഭൂനികുതിയിളവു്.

91. [20] ശ്രീ. പി. കെ. ചാത്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂനികുതി ഇളവുചെയ്തു കൊടുക്കുന്നതു് ഏതു സാഹചര്യത്തിലായിരിക്കുമെന്നു് വിശദീകരിക്കുമോ ;

(ബി) 1954–'55 വർഷത്തിൽ സംസ്ഥാനത്തു് എവിടെയെങ്കിലും ആർക്കെങ്കിലും ഭൂനികുതി ഇളവുചെയ്തുകൊടുത്തുകൊണ്ടു് ഗവണ്മെൻറു് കല്പനയായിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എവിടെ ; ഇളവുസംഖ്യ എത്ര ;

(ഡി) 1955 വർഷത്തിൽ എവിടെ നിന്നെങ്കിലും ഭൂനികുതി ഇളവുചെയ്തുകൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ആരിൽനിന്നു് ; എന്തുചെയ്തു ?

ഉത്തരം.

(എ) വർഷക്കുറവു കൊണ്ടോ, പ്രകൃതിക്ഷോഭം കൊണ്ടോ രാജ്യവ്യാപകമായ തോതിൽ കൃഷിക്കു് നാശനഷ്ടങ്ങൾ ഉണ്ടാകുമ്പോൾ ഭൂനികുതി ഇളവുചെയ്തുകൊടുക്കാവുന്നതു്.

(ബി) ഇല്ല.

(സി) ബി ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

മഹാരാജാസ് കാളേജ്.

92. [21] ശ്രീ. തലേക്കര കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം–മഹാരാജാസ് കാളേജിൽ ഇൻറർമീഡിയറ്റ്, ബി. എ. എന്നീ ക്ലാസ്സുകളിൽ ഇക്കൊല്ലം എത്ര കുട്ടികൾക്കു് പ്രവേശനം നൽകിയിട്ടുണ്ടു് ; ആൺകുട്ടികൾ എത്ര ; പെൺകുട്ടികൾ എത്ര ;

(ബി) ഇവരുടെ ജാതി തിരിച്ചുള്ള വിശദവിവരങ്ങൾ തരുമോ ?

ഉത്തരം.

(എ, ബി) സ്റ്റേറ്റുമെൻറു് † മേശപ്പുറത്തു വച്ചിട്ടുണ്ടു്.

റിസർവ്വ് ഫാറസ്റ്റുകളുടെ പേരിലുള്ള പരാതികൾ.

93. [26] ശ്രീ. സി. കൊച്ചുകുഞ്ഞു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയ്യപ്പൻകോവിൽ റെയിഞ്ചിൽ നഗരംപാറ റിസർവ്വ് ഫാറസ്റ്റർ മി. തോമസ്സിന്റെ പേരിൽ ഇതിനകം എത്ര പരാതിഹർജികൾ ലഭിച്ചിട്ടുണ്ടു് ;

† Please See Appendix IX.